## സമഗ്ര വിദ്യാഭ്യാസ പദ്ധതി

# മികവ്

## അക്കാദമിക മാസ്റ്റർ പ്ലാൻ




## 2025 – 26

# G.V.H.S.S വക്കം

## വിദ്യാലയ ചരിത്രം

ജി വി എച്ച് എസ് എസ് വക്കം- തലമുറകൾക്ക് വിദ്യാദാനം പകർന്ന് നൽകുന്ന ഈ പ്രദേശത്തിലെ ഏറ്റവും വലിയ സ്ഥാപനം. 1900 ത്തിൽ കടൈവിളാകത്ത് വീട്ടിൽ കൊച്ചുപപ്പുതരകൻ എന്ന ദീർഘദർശി സ്ഥാപിച്ചതാണ് പൊട്ടച്ചൻ വിളാകം പ്രൈമറി സ്കൂൾ. ശ്രീ ചെങ്ങന്നൂർ പത്മനാഭപിള്ളയായിരുന്നു ആദ്യത്തെ പ്രധമാധ്യാപകൻ. 1905 ൽ സ്കൂൾ സർക്കാരിൽ നിക്ഷിപ്തമായി. ഈ വിദ്യാലയമാണ് ഇന്ന് പ്രൗഢപ്രതാപത്തോടെ നിലകൊള്ളുന്ന വക്കം ഗവ. വൊക്കേഷണൽ & ഹയർ സെക്കണ്ടറി സ്കുൾ. 1961-62 ൽ ഹൈസ്കുളായി ഉയർത്തി. ആദ്യ ഹെഡ്മാസ്റ്റർ ശ്രീ. മുഹമ്മദ് അബ്ദയായിരുന്നു. 1983-84 ൽ അഗ്രികൾച്ചർ ഐച്ഛികമായി വൊക്കേഷണൽ കോഴ്സ് ആരംഭിച്ചു.തിരുവനന്തപുരം ജില്ലയിലെ കായലോരഗ്രാമമായ വക്കത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയം. തലമുറകൾക്ക് വിദ്യാദാനം നൽകുന്ന ഈ പ്രദേശത്തെ ഏറ്റവും വലിയ സ്ഥാപനം. സാമൂഹ്യപരിഷ്കർത്താക്കളുടെയും ധീരസ്വാതന്ത്ര്യ സമരഭടൻമാരുടെയും പാദമുദ്ര പതിഞ്ഞ വിദ്യാലയം.

## ഭൗതികസൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 4 കെട്ടിടങ്ങളിലായി 24 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 6 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനു 1 കമ്പ്യൂട്ടർ ലാബുണ്ട്. 15 കമ്പ്യൂട്ടറുകളുണ്ട് ലാബിൽ. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. 5000 ത്തോളം പുസ്തകങ്ങളടങ്ങിയ ലൈബ്രറി ഈ വിദ്യാലയത്തിനുണ്ട്. സയൻസ് ഗണിത ലാബുകളുമുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | G.V.H.S.S വക്കം |
| വിലാസം | : | മുക്കാലുവട്ടം<br>വക്കം<br>വക്കം പി.ഒ. പിൻ: 695 308 |
| ഫോൺ നമ്പർ | : | 04702653771 |
| സ്കൂൾ കോഡ് | : | 42052 |
| വിദ്യാഭ്യാസ ഉപജില്ല | : | വർക്കല |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| ബി.ആർ.സി. | : | വർക്കല |
| ഗ്രാമപഞ്ചായത്ത് | : | വക്കം |
| ബ്ലോക്ക് പഞ്ചായത്ത് | : | ചിറയിൻകീഴ് |
| താലൂക്ക് | : | ചിറയിൻകീഴ് |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| വില്ലേജ് | : | വക്കം |
| ഇ-മെയിൽ | : | gvhssvakkam@gmail.com |

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. സമൂഹത്തിന്റെ പുരോഗതിക്ക് വ്യക്തികളുടെ വികസനം അത്യന്താപേക്ഷിതമാണ്.

“വക്കം പ്രദേശത്ത് നല്ലൊരു പാ6 വേണം. പക്ഷെ ആദ്യം വേണ്ടത് പള്ളിക്കൂടമാണ്. എഴുത്തും വായനയുമറിയാത്തവർ നാടിന്റെ ശാപമാണ്.”

കടൈവിളാകത്ത് വീട്ടിൽ കൊച്ചുപപ്പു തരകനെന്ന വ്യക്തിയുടെ ഈ ദൃഢനിശ്ചയമാണ് 1900-ൽ സ്ഥാപിതമായ പൊട്ടച്ചൻ വിളാകം പ്രൈമറി സ്കൂൾ. അനേകം നവോത്ഥാന നായകൻമാരുടെ വളർച്ചക്ക് പാതയൊരുക്കിയ ഈ വിദ്യാലയം ഇന്ന് കാണുന്ന രൂപത്തിൽ തിരുവനന്തപുരം ജില്ലയിലെ ഒരു പ്രധാന വിദ്യാലയമായി അറിയപ്പെടുന്നു. 125-ാം വാർഷികം ആഘോഷിക്കുന്ന ഈ മുത്തശ്ശി വിദ്യാലയം കാലാകാലങ്ങളായി മാറിവരുന്ന അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും നാട്ടുകാരുടെയും പൊതുകാര്യ പ്രസക്തരുടെയും ശ്രമഫലമായി അനുദിനം വളർന്നുകൊണ്ടിരിക്കുന്നു. സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ പേരെടുത്തു പറയാവുന്ന പ്രശസ്തന്മാർ ഈ വിദ്യാലയാങ്കണത്തിൽ പഠിച്ച് കളിച്ച് വളർന്നവരാണ്. കലാ-കായിക പ്രവർത്തി പരിചയ മേഖലകളിലും സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച് ഈ മുത്തശ്ശി വിദ്യാലയം കാലാകാലങ്ങളിൽ തലയെടുപ്പോടെ നിൽക്കുന്നു. ഇക്കഴിഞ്ഞ വർഷം ജില്ലാ മത്സരങ്ങൾക്ക് പുറമെ സംസ്ഥാന-തല കായികമത്സരങ്ങിലും ഈ സ്കൂളിലെ കുട്ടികൾ പങ്കെടുത്ത് മികച്ച വിജയം നേടി. ഇക്കഴിഞ്ഞ 9 വർഷങ്ങളായി എസ്.എസ്.എൽ.സി. പരീക്ഷയിൽ 100%.

## കുട്ടികളുടെ എണ്ണം 2025 – 26

| വിഭാഗം | എണ്ണം |
|---|---|
| V | 34 |
| VI | 48 |
| VII | 54 |
| VIII | 82 |
| IX | 77 |
| X | 105 |

## നിലവിലുള്ള ജീവനക്കാരുടെ എണ്ണം

| വിഭാഗം | എണ്ണം |
|---|---|
| HM | 1 |
| UP | 6 |
| HS | 9 |
| ക്ലാർക്ക് | 1 |
| OA | 2 |
| FTM | 1 |

# ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി കൈവരിക്കേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കുക
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവിനെ പരമാവധി പ്രോത്സാഹിപ്പിച്ച സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനും ഉള്ള കഴിവുകൾ ഉറപ്പ് വരുത്തുക.
- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിന് അനുയോജ്യമായ വിധത്തൽ മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.
- കുട്ടികളുടെ സർവ്വതോൻമുഖമായ പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യത പ്രയോജനപ്പെടുത്തുക
- ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളുടെ ആശയങ്ങളും ധാരണകളും ഉപയോഗപ്പെടുത്തി പ്രശ്ന പരിഹരണശേഷിയും സർഗ്ഗാത്മകതയും കൈവരുത്തുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ – മാതൃഭാഷ

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ | • പ്രീ- ടെസ്റ്റ്<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>• ചിത്രം നൽകി കഥ പറയൽ, എഴുതൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ഭാഷാധ്യാപകർ | SRG, PTA, SSA, DIET, SCERT |
| 2 | കുട്ടിയെ മികച്ച വായനക്കാര നാകുക (വായനക്കൂട്ടം) വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക, വായനസാമ ഗ്രികൾ കണ്ടെത്തി വികസിപ്പി ക്കുക | • വായനക്കൂട്ടം രൂപീകരണം<br>• ക്ലാസ് ലൈബ്രറി<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• ചുമർ പത്രിക ഒരുക്കൽ<br>• വായനോത്സവം സംഘടി പ്പിക്കൽ<br>• വായനക്കുറിപ്പ് പതിപ്പ്<br>• സാഹിത്യശാഖകൾ, എഴു ത്തുകാർ എന്നിവരെ പരി ചയപ്പെടുത്തൽ | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം കലാസാഹിത്യ വേദി | SRG, SMC PTA |
| 3 | കുട്ടിയെ മികച്ച എഴുത്തുകാര നാക്കുക (എഴുത്തുക്കൂട്ടം) | • എഴുത്തുക്കൂട്ടം രൂപീക രണം<br>• എഴുത്തിനു മുൻഗണന യുള്ള സാഹിത്യമത്സര ങ്ങൾ സംഘടിപ്പിക്കൽ<br>• ചുമർ പത്രിക ഒരുക്കൽ<br>• രചനാ ശിൽപ്പശാല<br>• കഥാ ക്യാമ്പ്<br>കവിതാ ക്യാമ്പ് | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | SMC PTA Munici-pality Rs.5,000 |
| 4 | സർഗ്ഗശേഷികൾ കണ്ടെത്തലും വികസിപ്പക്കലും (വിദ്യാരംഗം, കലാസാഹിത്യവേദി) | • വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം<br>• ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ<br>• സി.ഡി., വീഡിയോ പ്രദർശനം<br>• ഭിന്നശേഷിക്കാർക്കായി പ്രത്യേകം സഭ | ജൂൺ | മുഴുവൻ അദ്ധ്യാ പകർ, വിദ്യാ രംഗം<br>IEDSS | SRG, SMC PTA Municipile Councellor |

| | | | | | |
|---|---|---|---|---|---|
| 5 | സ്കൂൾ ഗ്രന്ഥശാല (ലൈബ്രറി) ശാക്തീകരണം | ◆ക്ലാസ് ലൈബ്രറി രൂപീകരണം<br>◆സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br>◆മുഴുവൻ സമയവും ലൈബ്രേറിയന്റ സേവനം ഉറപ്പാക്കൽ<br>◆വായനാ...., വായനാമുറി സൗകര്യമൊരുക്കൽ | ആറു മാസം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | SRG, SMC PTA Munici-pality Rs. 60,000 |
| 6 | കലാപരമായ കഴിവുകൾ പോഷിപ്പിക്കൽ<br>ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാനുള്ള ശേഷി | ◆ നാടകക്കളരി<br>◆ പാഠഭാഗമുൾപ്പെടെയുള്ള നാടകീകരണം<br>◆ ICT സംവിധാനങ്ങളുടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ<br>◆ പൊതുവേദികളിലെ അവതരണം | ആറു മാസം | ഭാഷാധ്യാപകർ, ആർട്ട്, മ്യൂസിക് അദ്ധ്യാപകർ | SMC PTA |
| 7 | രചനകൾ, ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക | ◆ രചനകൾ, ക്ലാസ് മാഗസിൻ, റേഡോ ക്ലബ്ബ്, ചുമർ പത്രങ്ങൾ, സ്കൂൾ ബ്ലോഗ് എന്നിവയിലൂടെ പ്രകടിപ്പിക്കൽ<br>◆ പത്രക്വിസ് (പ്രതിദിനം ഒരു ചോദ്യം) | വാർത്ത ദിവസവും 5 മിനിട്ട് | SITC റേഡിയോ ക്ലബ്ബ് ക്ലാസ് ടീച്ചേഴ്സ് | SRG, SMC PTA |
| 8 | ICT സാധ്യതകൾ ആശയവിനിമയത്തിന് | ◆ പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ, വീഡിയോ ക്ലാസ്സുകൾ എന്നിവ ശേഖരിക്കാനും നിർമ്മിച്ച് എഡിറ്റ് ചെയ്യുകയും സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളും ഉപയോഗിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനായും ഉപയോഗിക്കുക | ആവശ്യാനുസരണം | ഭാഷാധ്യാപകർ SITC JSITC | SRG, KITE CIT @ school |
| 9 | ഭാഷാശേഷികളുടെ സമഗ്രമായ വികസനം | ◆ സെമിനാറുകൾ /അഭിമുഖങ്ങൾ, പാനൽ ചർച്ചകൾ/ സംവാദം മുതലായവ തിരക്കഥയെഴുതി ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കൽ | വർഷത്തിൽ ഓരോന്ന് | ഭാഷാധ്യാപകർ | SRG, SMC PTA |

# GVHSS VAKKOM

മേഖല : അക്കാദമികം
ഉപമേഖല : അറബിക്

## അക്കാദമിക മാസ്റ്റർ പ്ലാൻ – അറബിക്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|---|
| 1 | അറബി ഭാഷാ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും നേടുക. ഭാഷയിലെ ഒരേപോലുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. | •കൈത്താങ്ങ്<br>•ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു<br>•അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. | മൂന്നു മാസം | പുസ്തകങ്ങൾ കാർഡുകൾ |
| 2 | അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക | •പുതിയ പദം പരിചയപ്പെടുത്തൽ<br>•ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു.<br>•പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ കാർഡുകൾ |
| 3 | കുട്ടികളുടെ സർഗ്ഗാത്മശേഷി വർദ്ധിപ്പിക്കുക | •ചിത്രങ്ങൾ, ലഘുകവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം, വിവരണം, കുറിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ ചാർട്ടുകൾ |
| 4 | ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുകയും ഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | •മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വയനാമത്സരം എന്നിവ നടത്തി സമ്മാനങ്ങൾ നൽകുന്നു.<br>•പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ പുസ്തകങ്ങൾ |
| 5 | അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | • യൂണിറ്റ്തല നിഘണ്ടു നിർമ്മാണം<br>• ഓരോ യൂണിറ്റ് തലത്തിലും വാക്കുകൾ അർത്ഥം സഹിതം എഴുതിക്കുന്നു. | 6 മാസം | ചാർട്ടുകൾ പുസ്തകങ്ങൾ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|---|
| 6 | അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിന് വേണ്ടി. | • അറബി ടൈപ്പിംഗ്<br>• അക്ഷരങ്ങൾ, ഫർക്കത്തുകൾ എന്നിവ ടൈപ്പ് ചെയ്യുന്നതിന് കുട്ടികൾക്ക് പഠിപ്പിക്കുന്നു. | 6 മാസം | കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു |
| 7 | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാൻ ഉള്ള കഴിവ് വികസിപ്പിക്കുക. | • മുന്നറിവ് പരിശോധിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ | 2 മാസം | പുസ്തകങ്ങൾ വർക്ക് ഷീറ്റുകൾ |
| 8 | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ വസന്തം<br>• വായന മത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി | 6 മാസം | പത്രങ്ങൾ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറി |
| 9 | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക | • എഴുത്തുത്സവം.<br>• എഴുത്തുകൂട്ടം<br>• വായനക്കുറിപ്പ് ശേഖരണം | 12 മാസം | അസംബ്ലി ചാർട്ടുകൾ പത്രങ്ങൾ |
| 10 | ഭാഷാ പഠനത്തിൽ ഐ.ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിപ് കുട്ടികളിൽ സൃഷ്ടിക്കുക | • ഭാഷ കളികൾ<br>• അറബിക് അസംബ്ലി<br>• ഭാഷാ പ്രദർശനം | 24 മാസം | ഐ.ടി.സി പുസ്തകങ്ങൾ സി.ഡി.കൾ |
| 11 | വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | • ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും, ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക | ജൂൺ മുതൽ മാർച്ച് വരെ | അസംബ്ലി ചാർട്ടുകൾ |

# മേഖല : അക്കാദമികം (ഹിന്ദി)

**പൊതുവായ ലക്ഷ്യങ്ങൾ**

❖ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക

❖ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്നു ഉറപ്പാക്കുക

❖ ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

❖. ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

❖ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തമാക്കുന്നു

## എട്ടാം തരം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | അക്ഷരം, ചിഹ്നം തുടങ്ങിയ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | •അക്ഷരമാല തുടങ്ങിയ കാർഡ് നൽകുന്നു<br>•അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു<br>•ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| 2 | ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | • ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br>•വർക്ക് ഷീറ്റുകൾ നൽകുന്നു<br>•ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | മധ്യകാലം<br>ആഗസ്റ്റ് - സെപ്റ്റംബർ |
| 3 | ഹിന്ദി അനായാസം വായിക്കാനും എഴുതുവാനും പരിശീലിപ്പിക്കുന്നു. വായനാ പരിശീലനത്തിനു അധികം പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം വ്യക്തമാക്കുവാൻ കഴിയുന്നു. | • കേട്ടെഴുത്ത്<br>• പദസൂര്യൻ<br>• പ്രശ്നോത്തരി എന്നിവ നൽകുന്നു<br>• ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ എന്നിവ വായനക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

## ഒൻപതാം തരം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. . | • വർക്ക് ഷീറ്റുകൾ നൽകുന്നു<br>• ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ഹ്രസ്വം<br>ജൂൺ-<br>ജൂലൈ |
| 2 | നാമം, സർവനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | • ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>• കവിത, കഥ നൽകുന്നു<br>• സൂചനാ ബോർഡുകൾ തയ്യാറാക്കുന്നു | മധ്യകാലം<br>ആഗസ്റ്റ് -<br>സെപ്റ്റംബർ |
| 3 | പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ പഠിക്കുന്നു. | • പോസ്റ്റർ മോഡൽ നൽകുന്നു<br>• വിവിധ വിഷയങ്ങൾ നൽകുന്നു<br>• ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു<br>• ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദന കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ-<br>നവംബർ |

## പത്താം തരം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | • നാടകം വേദിയിൽ അവതരിപ്പിക്കുന്നു<br>• സന്ദോർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ഹ്രസ്വം<br>ജൂൺ-<br>ജൂലൈ |
| 2 | സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദികലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | • പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യകാലം<br>ആഗസ്റ്റ് -<br>സെപ്റ്റംബർ<br>ഒക്ടോബർ |
| 3 | ആശയങ്ങൾ വിവിധ രീതിയിൽ ആവിഷ്കരിക്കുനനു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | • പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു<br>• കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു<br>• എല്ലാ ദിവസവും ഡയറി എഴുതുവാൻ അവസരം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ഗണിത ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക | • പ്രീ - ടെസ്റ്റ് ചോദ്യ നിർമ്മാണം, ടെസ്റ്റ്, മൂല്യനിർണ്ണയം<br>• പരിഹാര ബോധനത്തിനായി പഠഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം ആശയധാരണകൾ ഉറപ്പിക്കൽ | ജൂൺ ജൂലൈ | ഗണിതാധ്യാപകർ | SRG |
| 2 | എല്ലാ കുട്ടികൾക്കും TLM കിറ്റ്. ക്ലാസ്സുകളിൽ 'ഗണിത കോർണർ' | • ദ്വിദിന ശിൽപ്പശാലയിലൂടെ ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി പഠന സാമഗ്രഹികളുടെ നിർമ്മാണം | 5 മാസം | ഗണിതാധ്യാപകർ, | SMC<br>PTA<br>നഗരസഭ |
| 3 | ഗണിതക്ലാസ് ലൈബ്രറി രൂപീകരിക്കൽ | • ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ<br>• ഇനം തിരിച്ച് ക്രമീകരിക്കൽ | ടേം ഒന്ന് | ഗണിതാധ്യാപകർ, | SMC<br>PTA<br>SRG |
| 4 | Maths Club സജീവമാക്കൽ | • ഗണിത ക്ലബ്ബ് രൂപീകരണോത്ഘാടനം<br>• ഗണിത ക്വിസ്, ഗണിത സമസ്യകൾ, ബുള്ളറ്റിൽ ബോർഡുകളിൽ<br>• ക്ലാസ്തല - സ്കൂൾ തല ഗണിത മാഗസിൻ<br>• ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടാം<br>• ഓരോ കുട്ടിക്കും 'എന്റെ കുസൃതി കണക്കുപുസ്തകം' | ജൂൺ ജൂലൈ<br><br>എല്ലായ്പ്പോഴും | ഗണിതാധ്യാപകർ,<br><br>ഗണിത ക്ലബ്ബ് | SRG |
| 5 | ഗണിതപഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കൽ | • 3 ദിവസത്തെ അവധിക്കാല സഹവാസ ക്യാമ്പ്<br>• ഗണിത പ്രോജക്ടുകളുടെ അവതരണം<br>• മാഗസിനുകളുടെ പ്രകാശനം | ഓണം/ ക്രിസ്മസ് ഒഴിവ് | ഗണിതാധ്യാപകർ, ഗണിത ക്ലബ്ബ് | SMC<br>PTA<br>Munici-pality |
| 6 | പഠന നേട്ടങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനായി വർക്ക് ബുക്ക് | • വിവിധ നിലവാരത്തിലുള്ള കുട്ടികൾക്കായി ഓരോ യൂണിറ്റിൽ നിന്നും വർക്ക്ഷീറ്റുകൾ തയ്യാറാക്കി വർക്ക് ബുക്കായി നൽകുന്നു. | രണ്ടാം ടേമിൽ<br><br>എല്ലായ്പ്പോഴും | ഗണിതാധ്യാപകർ, | SRG |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 7 | സ്കൂളിൽ ഒരു ഗണിത പാർക്ക് | ⬩ഗണിതാശയങ്ങൾ, സംഖ്യാ ബോധം, ചതുഷ്ക്രിയകൾ എന്നിവ മനസ്സിലാകാനുതകുന്ന വിപുലമായ ഗണിത പാർക്ക് | ഒരു വർഷം | ഗണിതാധ്യാപകർ | SRG<br>PTA<br>നഗരസഭ |
| 8 | മുന്നോക്കക്കാരുടെ ഉന്നമനത്തിന് തുടർപ്രവർത്തനം മെച്ചപ്പെടുത്തൽ | ⬩ OMR മാതൃകയിലുള്ള ചോദ്യ പേപ്പറുകൾ തയ്യാറാക്കിയുള്ള പരീക്ഷകൾ | മാസത്തിൽ രണ്ട് | ഗണിതാധ്യാപകർ, | SRG |
| 9 | ICT യിലൂടെ ഗണിതപഠനം എളുപ്പമാക്കൽ | ⬩ഗണിതത്തിലെ ICT സാധ്യതകൾ (Geogebra, Drgeo) പ്രയോജനപ്പെടുത്തിയുള്ള പഠനം<br>⬩3Dഗണിതരൂപങ്ങളുടെ നിർമിതി<br>കുട്ടികളുടെ സൃഷ്ടികൾ ബ്ലോഗുകൾ (eg:Maths blog) upload ചെയ്യൽ | യഥാ സമയങ്ങളിൽ | ഗണിതാധ്യാപകർ, | SITC,<br>ISITC |
| 10 | ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ ചുമർ ചിത്രങ്ങൾ | ⬩ക്ലാസിൽ ഒരു ചുമരിൽ ഭിന്ന സംഖ്യ ഗണിതാശയ രൂപങ്ങൾ എന്നിവ വരയ്ക്കൽ | 5 മാസം | ഗണിതാധ്യാപകർ,<br>ഗണിത ക്ലബ്ബ് | SRG,<br>SMC,<br>PTA |
| 11 | എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ⬩ഡൈസ് ഗെയിം, പാമ്പും കോണിയും തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾ തയ്യാറാക്കി ഗ്രൂപ്പടിസ്ഥാനം നിർവഹിക്കൽ | യഥാ സമയങ്ങളിൽ | ഗണിതാധ്യാപകർ | വിഷയസമിതി |
| 12 | എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉറപ്പിക്കൽ | ⬩Number Chart, Number Cards, അബാക്കസ്, മാന്ത്രിക ചതുരം Place Value Pocket Number Pattern മുതലായവയുടെ നിർമ്മാണവും അവ ഉപയോഗിച്ചുള്ള കളികളും | യഥാ സമയങ്ങളിൽ | ഗണിതാധ്യാപകർ, | വിഷയസമിതി |
| 13 | ഗണിതലാബ് നവീകരണം | ⬩നിർമിച്ച TLM കൾ കൂടി ഉപയോഗപ്പെടുത്തിയും വിവിധ ഗണിത സോഫ്റ്റ്‌വെയറുകൾ ഉപയോഗപ്പെടുത്തിയും ഗണിത ലാബ് സജീവമാക്കൽ<br>⬩ ഗണിത ലാബ് ഫലപ്രദമായി ഉപയോഗിക്കുന്നതെങ്ങനെയാണ് ഗണിത ക്ലബ്ബ് അംഗങ്ങൾ പരിശീലനം നൽകൽ. | 6 മാസം | ഗണിതാധ്യാപകർ,<br>ഗണിത ക്ലബ്ബ് | SITC,<br>JSITC,<br>SRG,<br>SMC,<br>PTA<br>നഗരസഭ |